## പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *214 — 09.03.2017-ന് മറുപടിയ്ക്ക്

## വനങ്ങളുടെ സംരക്ഷണവും പരിപാലനവും

**ചോദ്യം**

ശ്രീ. അടൂർ പ്രകാശ്
ശ്രീ. സണ്ണി ജോസഫ്
ശ്രീ. അനൂപ് ജേക്കബ്
ശ്രീ. വി.ടി.ബൽറാം

**മറുപടി**

ശ്രീ. കെ. രാജു
(ബഹു. വനവുംമൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | നിലവിലുള്ള വനങ്ങളുടെ സംരക്ഷണത്തിനും പരിപാലനത്തിനും എന്തെല്ലാം പുതിയ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; വിശദമാക്കുമോ; | (എ) | നിലവിലുള്ള വനങ്ങളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായി താഴെപ്പറയുന്ന പുതിയ പദ്ധതികൾ ആസൂത്രണം ചെയ്തിരിക്കുന്നു.<br>1. വനം കൈയ്യേറ്റം പൂർണ്ണമായും അവസാനിപ്പിക്കുവാൻ അതിർത്തി നിർണ്ണയം പൂർത്തിയാകാത്ത 3000 കിലോമീറ്ററിൽ അതിർത്തി ജണ്ടകൾ നിർമ്മിക്കുക.<br>2.ഇതിന്റെ ഭാഗമായി വനപാലകരെ സർവ്വേ പരിശീലനത്തിനായി നിയോഗിക്കലും നിയമപരമായി സർവ്വേയർമാരായി അംഗീകരിക്കലും.<br>3.കാലപ്പഴക്കമുള്ള വാഹനങ്ങൾ മാറ്റി പുതിയ വാഹനങ്ങൾ വാങ്ങുക.<br>4.വനമേഖലയിലെ വാർത്താവിനിമയം സുഗമമാക്കാൻ വയർലെസ് ശൃംഖല പൂർണ്ണമാക്കൽ.<br>5.അഞ്ചു വർഷംകൊണ്ട് 164 ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിക്കൽ.<br>6.കാലാവസ്ഥാവ്യതിയാനത്തെ ചെറുക്കുന്നതിനായി വനേതരമേഖലയിൽ വൃക്ഷവല്ക്കരണത്തിന് ഊന്നൽ നൽകി സാമൂഹ്യവനവൽക്കരണ പദ്ധതി പുനരാവിഷ്കരിക്കുക. ഇതിനായി ഔഷധസസ്യങ്ങളും ഫലവൃക്ഷങ്ങളും കൂടുതലായി ഉൾപ്പെടുത്തുക.<br>7.ശോഷിച്ച വനങ്ങളുടെ പുനരുദ്ധാരണം, വനമേഖലയിലെ ജലസംരക്ഷണം, വൃക്ഷവല്ക്കരണം, കണ്ടൽ കാടുകളുടെ സംരക്ഷണം എന്നിവയ്ക്കായി ഗ്രീൻ ഇന്ത്യാ മിഷൻ എന്ന സംയോജിത പദ്ധതി നടപ്പാക്കുക.<br>8.നബാർഡ് സഹായത്തോടെ ഫോറസ്റ്റ് റോഡുകൾ, ഫോറസ്റ്റ് സ്റ്റേഷനുകൾ എന്നിവ നവീകരിക്കൽ.<br>9.ഉൾവനങ്ങളിൽ പട്രോളിംഗിനായി ക്യാമ്പ്ഷെഡ്ഡുകൾ സ്ഥാപിക്കൽ.<br>10.ജൈവവൈവിധ്യശോഷണത്തിനു കാരണമാകുന്ന കാട്ടുതീ അതിവേഗം കണ്ടെത്തി പ്രതിരോധിക്കുന്നതിന് സാറ്റലൈറ്റ് വഴിയുള്ള എസ്. എം. എസ് അലേർട്ട് |

| | | | |
|---|---|---|---|
| | | | സംവിധാനം ഡെറാഡൂണിലെ ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യയുടെ സാങ്കേതിക സഹായത്താൽ നടപ്പാക്കി.<br>11.വന്യജീവികളുടെയും അവയുടെ ആവാസവ്യവസ്ഥയുടെയും സ്ഥിരമായ നിരീക്ഷണത്തിനും വനമേഖലയിൽ സ്ഥിരമായ ജാഗ്രത പുലർത്തുന്നതിനും ക്യാമറകൾ സ്ഥാപിക്കൽ.<br>12.പരിസ്ഥിതി വിദ്യാഭ്യാസം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി വനാശ്രിത സമൂഹത്തിന്റെ പങ്കാളിത്തത്തോടെ ഇക്കോടൂറിസം പദ്ധതി ശക്തിപ്പെടുത്തുക. ഇതുവഴി വനാശ്രിത സമൂഹത്തിന്റെ തൊഴിലവസരം വർദ്ധിപ്പിച്ച് വനാശ്രിതത്വം കുറയ്ക്കുക.<br>13.ഇക്കോടൂറിസവുമായി ബന്ധപ്പെട്ട് വനമേഖലയിലെ സന്ദർശനങ്ങൾ കൊണ്ട് വനമേഖലയിൽ ഉണ്ടാകുന്ന ആഘാതങ്ങൾ ലഘൂകരിക്കുന്നതിനുള്ള ശാസ്ത്രീയ പഠനം നടത്തൽ.<br>14.വനമേഖലയിലെ ജലസ്രോതസ്സുകളുടെ പരിപാലനവും ആദിവാസിഭൂമിയിലെ മണ്ണ്-ജല സംരക്ഷണവും വനമേഖലയ്ക്കായുള്ള പ്രത്യേക തൊഴിലുറപ്പ പദ്ധതി പാക്കേജു വഴി നടപ്പാക്കൽ.<br>15.പുതുതായി നിയമനം ലഭിക്കുന്ന വനപാലകർക്ക് സർവ്വീസിന്റെ തുടക്കത്തിൽത്തന്നെ ശാസ്ത്രീയമായ പരിശീലനം നൽകൽ. |
| (ബി) | നിലവിൽ ഏതെല്ലാം പദ്ധതികളാണ് ഇതിനുവേണ്ടി പ്രയോജനപ്പെടുത്തുന്നത്; വിവരിക്കുമോ; | (ബി) | നിലവിലുള്ള പദ്ധതികൾ താഴെ പറയുന്നു.<br>1. വനം അതിർത്തി സർവ്വേയും വനം സംരക്ഷണവും<br>2. നാശോന്മുഖമായ വനപ്രദേശങ്ങളിൽ വനം വച്ചുപിടിപ്പിക്കലും ഔഷധ സസ്യ പരിപാലനവും.<br>3.തോട്ടങ്ങളുടെ ഉൽപാദനക്ഷമത വർദ്ധിപ്പിക്കൽ.<br>4.അടിസ്ഥാന സൗകര്യ വികസനം.<br>5.ജൈവവൈവിധ്യ സംരക്ഷണവും സംരക്ഷിത പ്രദേശ പരിപാലനവും.<br>6.പരിസ്ഥിതി വികസന പരിപാടി.<br>7.വനാശ്രിതസമൂഹത്തിനായി വില്ലേജ് ഇക്കോ ഡെവലപ്മെന്റ് പദ്ധതി.<br>8.പരിസ്ഥിതി വിനോദ സഞ്ചാരം.<br>9.മാനവശേഷി വികസനം.<br>10.വിഭവ ആസൂത്രണവും ഗവേഷണവും.<br>11.വനപരിപാലന വിവര സമ്പ്രദായവും ഭൗമവിവര സാങ്കേതിക സംവിധാനവും.<br>12.എക്സ്റ്റൻഷൻ, കമ്മ്യൂണിറ്റി ഫോറസ്ട്രി, ആഗ്രോ ഫോറസ്ട്രി.<br>13. മനുഷ്യനും വന്യമൃഗങ്ങളും തമ്മിലുള്ള സംഘർഷങ്ങൾ കുറയ്ക്കുന്നതിനുള്ള നടപടികൾ.<br>14. നീലഗിരി ബയോസ്ഫിയർ റിസർവ്വ്.<br>15. പ്രോജക്ട് എലിഫെന്റ്.<br>16.അഗസ്ത്യമല ബയോസ്ഫിയർ റിസർവ്വ്. |

| | | | |
|---|---|---|---|
| | | | 17. നീർത്തടഭൂമി സംരക്ഷണ പദ്ധതി.<br>18.വയനാട് വന്യജീവി സങ്കേതത്തിലെ സ്വയം സന്നദ്ധ പുനരധിവാസം. |
| (സി) | ആരുടെയെല്ലാം സഹകരണത്തോടെയാണ് പുതിയ പദ്ധതികൾ നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | സംസ്ഥാന സർക്കാർ ബഡ്ജറ്റ്, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം എന്നിവയ്ക്കു പുറമേ കേരള ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (കെ.ഐ.ഐ.എഫ്.ബി), നബാർഡ്, തുടങ്ങിയവയുടെ സഹായത്തോടുകൂടി പുതിയ പദ്ധതികൾ നടപ്പാക്കി വരുന്നു. |

**സെക്ഷൻ ഓഫീസർ**